LIBRARY ARCHIVES Kerala Legislative Assembly

മിച്ചഭൂമിയായി ഏറ്റെടുക്കൽ നടപടിയിൽനിന്നും ഒഴിവാക്കുന്നതിന് നടപടി

21 [4996] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിലെ കള്ളമല വില്ലേജിൽ സർവ്വെ നമ്പർ 201 9-ൽപ്പെട്ട പതിനാറ് കുടുംബങ്ങൾ പൊന്നും വിലയ്ക്കെടുത്ത സ്ഥലങ്ങൾ മിച്ചഭൂമിയാണെന്ന് പറഞ്ഞ് ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഏറ്റെടുക്കൽ നടപടികളിൽനിന്ന് പ്രസ്തുത കുടുംബങ്ങളെ ഒഴിവാക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ പരാമർശഭൂമി പലരുടെ കൈവശത്തിലുള്ളതും ഭൂരിഭാഗം പേരും ടി സ്ഥലത്ത് വീടുകൾ വച്ച് താമസിച്ചുവരുന്നതിനാലും ഈ ഭൂമി ഏറ്റെടുക്കൽ നടപടികൾ സർക്കാരിന്റെ 23-5-1994-ലെ 34122/എൽ1/94/ആർ.ഡി. കത്തുപ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. ഇപ്പോൾ ഒഴിപ്പിക്കൽ നടപടികൾ നിലവിലില്ല.

കണ്ണൂർ ജില്ലയിൽ ഉണ്ടായ ചുഴലികൊടുങ്കാറ്റിൽ നാശനഷ്ടങ്ങൾ ഉണ്ടായവർക്ക് അർഹമായ സാമ്പത്തിക സഹായം

22 [4997] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ഏപ്രിൽ 27-ന് കണ്ണൂർ ജില്ലയിൽ ഉണ്ടായ ശക്തമായ ചുഴലി കൊടുങ്കാറ്റിൽ പുത്തൂർ, പന്ന്യന്നൂർ, പെരിങ്ങത്തൂർ വില്ലേജിലെ നിരവധി പേർക്ക് നാശനഷ്ടങ്ങളുണ്ടായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാശനഷ്ടമുണ്ടായവർക്കും വീടുകൾ നശിച്ചവർക്കും അർഹമായ സാമ്പത്തിക സഹായം നൽകുന്നതിൽ ജില്ലാ റവന്യൂ അധികൃതർക്ക് കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അർഹമായ സാമ്പത്തിക സഹായം ലഭിക്കാത്ത പെരിങ്ങത്തൂർ വില്ലേജിലെ 66 പേർക്കും പുത്തൂർ വില്ലേജിലെ 5 പേർക്കും പന്ന്യന്നൂർ വില്ലേജിലെ 4 പേർക്കും അർഹമായ ധനസഹായം നൽകാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.